# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3781 15.05.2017 -ൽ മറുപടിയ്ക്ക്

**സർവ്വകലാശാലകളെ രാജ്യാന്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ്<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.ബി.സത്യൻ<br>,, എം. രാജഗോപാലൻ : | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് അവയെ രാജ്യാന്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള വിവിധ പദ്ധതികൾ പുരോഗമിച്ചുവരുന്നു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ 'ഇന്റർ നാഷണൽ സെന്റർ ഒഫ് എക്സലൻസ് ഇൻ അക്കാഡമിക് ആന്റ് റിസർച്ച് ' എന്ന മികവിന്റെ കേന്ദ്രമാക്കുന്നതിന് 29.04.2017 ലെ സ.ഉ.(സാധാ) 807/2017/ഉ.വി.വ. പ്രകാരം 240.9 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ആർട്സ് ആന്റ് സയൻസ് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (ബി) & (സി) | ശതോത്തര സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ്, തൃശ്ശൂർ കേരള വർമ്മ കോളേജ് എന്നീ 5 കോളേജുകളെ ഡിജിറ്റൽ കോളേജുകളായും മികവിന്റെ കേന്ദ്രങ്ങളായും മാറ്റുന്നതിന് പ്രത്യേക നിക്ഷേപ നിധിയിൽ നിന്ന് 150 കോടി രൂപ അനുവദിക്കുന്നു എന്ന് 2016-17 സാമ്പത്തിക വർഷത്തെ |
| (സി) | ഇത്തരം കോളേജുകളിലെ ഗവേഷണ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആധുനിക സൗകര്യങ്ങളോടെയുള്ള ലാബുകൾ സ്ഥാപിക്കുന്നതിനും | | |

| | | | |
|---|---|---|---|
| | ലൈബ്രറികൾ വിപുലീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | | പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി DPR (Detailed Project Report ) തയ്യാറാക്കിവരുന്നു.<br>ആർട്സ് ആന്റ് സയൻസ് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനു യു ജി സി യുടെ ''കോളേജസ് വിത്ത് പൊട്ടൻഷ്യൽ ഫോർ എക്സലൻസ്'' പദ്ധതിയിൽ നിലവിൽ ഉൾപ്പെട്ടിട്ടുള്ള ഫാറൂഖ് കോളേജ്, കോഴിക്കോട്, സെന്റ് ജോസഫ്സ് കോളേജ്, ദേവഗിരി, കോഴിക്കോട് എന്നീ കോളേജുകൾക്ക് പുറമെ കാലിക്കറ്റ് സർവ്വകലാശാലക്ക് കീഴിലുള്ള പ്രൊവിഡൻസ് കോളേജ്, കോഴിക്കോട്, സെന്റ് തോമസ് കോളേജ്, തൃശ്ശൂർ, ലിറ്റിൽ ഫ്ലവർ കോളേജ് ഗുരുവായൂർ, സെന്റ് ജോസഫ്സ് കോളേജ്, ഇരിങ്ങാലക്കുട, വിമല കോളേജ്, തൃശ്ശൂർ എന്നിവക്കുകൂടി "കോളേജ് വിത്ത് പൊട്ടൻഷ്യൽ ഫോർ എക്സലൻസ്" പദവി നൽകി വികസന സഹായം നൽകാൻ യു ജി സി തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഗവൺമെന്റ്/ എയിഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന ആർട്സ് & സയൻസ് കോളേജുകളിലെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി, എറുഡൈറ്റ് പദ്ധതി, ക്ലസ്റ്റർ കോളേജ് പദ്ധതി തുടങ്ങിയ പല പദ്ധതികളും സമിതി നടപ്പിലാക്കി വരുന്നു. കൂടാതെ, കേരളത്തിലെ കോളേജുകളെ പഠിതാക്കൾക്ക് പ്രാമുഖ്യവും പഠന പ്രവർത്തനത്തിന് പ്രാധാന്യവുമുള്ള ക്യാമ്പസുകളാക്കി മാറ്റുന്നതിന് 'ധൈഷണിക പര്യാവരൺ' എന്ന ഒരു നൂതന പദ്ധതി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആവിഷ്കരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ടി പദ്ധതി സംസ്ഥാനത്ത് ഒരു ക്യാമ്പസ്സിൽ |

| | | | |
|---|---|---|---|
| | | | ഉന്നതവിദ്യാഭ്യാസ കൗൺസിൽ നേരിട്ട് നടപ്പിലാക്കുന്നുണ്ട്.<br>മഹാത്മാഗാന്ധി സർവ്വകലാശാല ക്യാമ്പസിൽ പ്രധാന ലൈബ്രറിയിൽ ഡിജിറ്റലൈസിംങ്ങ് സൗകര്യം ഏർപ്പെടുത്തുന്നതിനും ക്യാമ്പസിൽ സമ്പൂർണ്ണ വൈ.ഫൈ ഏർപ്പെടുത്തുന്നതിനും ഡിജിറ്റൽ കണ്ടന്റ് ക്രിയേഷൻ ലാബോറട്ടറികൾ നിർമ്മിക്കുന്നതിനും പഠന വകുപ്പുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മിക്കുന്നതുൾപ്പെടെയുള്ള പദ്ധതികൾ ക്യാമ്പസ് ഡിജിറ്റലൈസേഷന്റെ ഭാഗമായി 'രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാന്റെ' (RUSA) ധനസഹായത്തോടുകൂടി നടപ്പിലാക്കി വരുന്നു.<br>സാങ്കേതിക വിദ്യാഭ്യാസവകുപ്പിനു കീഴിലുള്ള സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്ക് കോളേജുകളിലും ക്യാമ്പസ് നെറ്റ് വർക്കിംഗ് നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ലൈബ്രറികളുടെ ആധുനികവത്ക്കരണത്തിലൂടെയും വിദ്യാഭ്യാസ വിഭവ കേന്ദ്രങ്ങളുടെ ഡിജിറ്റലൈസേഷൻ ലക്ഷ്യമിടുന്നു. |
| (ഡി) | ഇത്തരം സർക്കാർ കോളേജുകളിൽ കൂടുതൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; | (ഡി) | സർക്കാർ കോളേജിൽ കൂടുതൽ തൊഴിലധിഷ്ഠിത കോഴ്സുകളാരംഭിക്കുന്നതിനുള്ള നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് |
| (ഇ) | പ്രസ്തുത പദ്ധതിയ്ക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയായ റൂസയിൽ നിന്നും ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | മഹാത്മാഗാന്ധി സർവ്വകലാശാലയിലെ കാമ്പസ് ഡിജിറ്റലൈസേഷൻ 'രാഷ്ട്രീയ ഉച്ചതാർ ശിക്ഷ അഭിയാൻന്റെ' (RUSA) ധനസഹായത്തോടുകൂടി നടപ്പിലാക്കി വരുന്നു. ഇതുകൂടാതെ റൂസ ഗ്രാന്റ് വിനിയോഗിച്ച് സർക്കാർ കോളേജിൽ |

| | | | |
|---|---|---|---|
| | | | അടിസ്ഥാന വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**